# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4134**

12/11/2019 ലെ മറുപടിയ്ക്ക്

**ചോദ്യം**
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

**മറുപടി**
ശ്രീ.തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**ട്രഷറി ക്യൂ സിസ്റ്റത്തിലേക്ക് മാറ്റിയ ബില്ലുകൾ**

| ചോദ്യം | മറുപടി |
|---|---|
| (എ) 2018-19 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾ ട്രഷറിയിൽ സമർപ്പിച്ചതും, ക്യൂ സിസ്റ്റത്തിലേക്ക് മാറ്റിയതുമായ ബില്ലുകൾ എത്ര കോടി രൂപയുടേതാണെന്ന് വ്യക്തമാക്കാമോ; | 2018-19 സാമ്പത്തിക വർഷം 837.66 കോടി രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂവിലേക്ക് മാറ്റിയിട്ടുണ്ട്. |
| (ബി) ക്യൂ സിസ്റ്റത്തിലേക്ക് മാറ്റിയ ബില്ലുകളിൽ എത്ര തുക ഈ സാമ്പത്തിക വർഷം അനുവദിച്ചുവെന്ന് അറിയിക്കാമോ; | ട്രഷറി ക്യൂവിലേക്ക് മാറ്റിയ ബില്ലുകളിൽ 825.23 കോടി രൂപയുടെ ബില്ലുകൾ ഈ സാമ്പത്തിക വർഷം 06/11/2019 വരെ മാറി നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത തുക ഈ വർഷത്തെ വിഹിതത്തിൽ നിന്നും ആണോ അനുവദിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | ഈ സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നാണ് പ്രസ്തുത തുകകൾ അനുവദിച്ചിട്ടുള്ളത്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) അപ്രകാരമാണ് തുക അനുവദിച്ചതെങ്കിൽ പ്രാദേശിക സർക്കാരുകളുടെ ഈ വർഷത്തെ വികസന പ്രവർത്തനങ്ങളെ അത് ദോഷകരമായി ബാധിക്കുകയില്ലേ; വ്യക്തമാക്കാമോ? | 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിന്റെ 20 ശതമാനത്തിന് മുകളിൽ വരുന്ന സ്പിൽ ഓവർ പദ്ധതികൾക്ക് തുക ആവശ്യമായി വരുന്ന പക്ഷം അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2019-20 – 2018-19 ലെ ട്രഷറി ക്യൂവിലുള്ള ബില്ലുകളുടെ തുക മാറുന്നതിനും സ്പിൽ ഓവർ പദ്ധതികൾക്കുമുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച് . ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ — എ) വകുപ്പ്**

സ.ഉ.(സാധാ) നം. 3002/2019/ധന. തീയതി, തിരുവനന്തപുരം, 12 ഏപ്രിൽ 2019

---

പരാമർശം : 1) സ.ഉ(സാധാ)നം.2725/2019/ധന തീയതി 01.04.2019
2) സ.ഉ(സാധാ)നം.2772/2019/ധന തീയതി 03.04.2019

## <u>ഉത്തരവ്</u>

പ്രാദേശിക സർക്കാരുകൾക്ക് 2019-20 സാമ്പത്തിക വർഷത്തെ സംരക്ഷണ ഫണ്ടിന്റേയും വികസന ഫണ്ടിന്റേയും ഒന്നാം ഗഡു യഥാക്രമം പരാമർശം (1), (2) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾ 2018-19 സാമ്പത്തിക വർഷം മാർച്ച് അവസാനത്തിൽ സമർപ്പിച്ച ബില്ലുകളിൽ ചിലത് ക്യൂ ലിസ്റ്റിലായതിനാൽ അവ മാറാൻ കഴിഞ്ഞില്ല.

മേൽ സാഹചര്യത്തിൽ പരാമർശം (1),(2) എന്നീ ഉത്തരവുകൾ പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച് നൽകിയിട്ടുള്ള സംരക്ഷണ ഫണ്ടിന്റേയും വികസന ഫണ്ടിന്റേയും ഒന്നാം ഗഡു തുകയിൽ നിന്നും 2018-19 ലെ ട്രഷറി ക്യൂവിലുള്ള ബില്ലുകൾ മാറുന്നതിനും 2018-19 ൽ പൂർത്തീകരിക്കാൻ കഴിയാതെ 2019-20 ൽ സ്പിൽ ഓവർ ആയിട്ടുള്ള പദ്ധതികൾക്കുള്ള തുക ചെലവഴിക്കുന്നതിനും സർക്കാർ അനുമതി നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രതീപ് കുമാർ ബി**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും/ ബ്ലോക്ക് പഞ്ചായത്തുകൾക്കും/ ജില്ലാ പഞ്ചായത്തുകൾക്കും
എല്ലാ മുനിസിപ്പാലിറ്റികൾക്കും /മുനിസിപ്പൽ കോർപ്പറേഷനുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്

നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

ധനകാര്യ ( ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E-1155113)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

**GOVERNMENT OF KERALA**

Abstract

Finance Department - Budget Estimates 2019-20 – Fund for Expansion & Development – Authorization of 1st installment of Basic Grant under 14th Finance Commission Award to Local Governments - Sanctioned - orders issued

**FINANCE (SFC Cell - A) DEPARTMENT**

GO (Rt) No. 4086/2019/Fin. Dated, Thiruvananthapuram, 30th May 2019

Read: (1) GO (P) No. 177/2006/Fin Dated 12/04/2006
(2) GO (P) No. 119/2015/Fin Dated 21/03/2015
(3) G.O (Ms) No. 250/2017/Fin dated 03/05/2017

## ORDER

The 14th Finance Commission has recommended an amount of ₹2338.55 crore as Finance Commission Grant to Local Governments for the year 2019-20. Out of this, an amount of ₹1084.73 crore and ₹879.42 crore have been earmarked as Basic Grant to Rural Local Bodies (Grama Panchayats) and Urban Local Bodies (Municipalities and Municipal Corporations) respectively.

2) As per Government Order read as 3rd paper above, Finance Commission Grant has to be authorized to Local Governments for expenditure only on receipt of the same from Government of India. But many Local Governments have requested to authorize amount under 14th FC to clear the bills in the Treasury which were submitted in Treasury before 31st March 2019 since the LGs were allowed to clear the previous years bills from Development Fund and Maintenance Fund authorized in 2019-20.

3) Government have examined the matter in detail and are pleased to issue the following orders:

i. Authorization of 20% of Basic Grant under 14th Finance Commission Award as 1st installment amounting to ₹392,83,00,000/- (Rupees Three hundred and Ninety Two crore Eighty Three lakh only) is authorized to Local Governments as detailed below, in relaxation of the Government Order read as 3rd above.

:

| LGs | Head of Account | 20% of the Basic Grant 2019-20 (amount in ₹) |
|---|---|---|
| Grama Panchayats | 3604-00-200-90-(05)-35 | 2169460000 |
| Municipalities | 3604-00-200-90-(02)-35 | 990051000 |
| Muncipal Corporations | 3604-00-200-90-(01)-35 | 768789000 |
| **Total** | | **3928300000** |

LG wise allocations are shown in Annex. I to III

ii. LGs are also permitted to utilize this authorization for clearing the Bills in the Treasury Queue system in the year 2018-19.

iii. Director of Treasuries shall make available copies of this order to District/ Sub treasuries through treasury intranet.

(By Order of the Governor)
**PRATHEEP KUMAR B**
**Joint Secretary to Government (Finance)**

To

The Principal Accountant General (G&SSA), Kerala, Thiruvananthapuram
The Principal Accountant General (A&E), Kerala, Thiruvananthapuram
The Accountant General (E&RSA), Kerala, Thiruvananthapuram
The Principal Secretary, Local Self Government Department
All Local Governments concerned
The Director of Treasuries, Thiruvananthapuram
The Director, State Audit Department, Thiruvananthapuram
The Director of Panchayats, Thiruvananthapuram
The Director for Urban Affairs, Thiruvananthapuram
The Executive Director, Information Kerala Mission, Tvpm.
The Director of Information & Public Relations, Thiruvananthapuram
The Local Self Government (FM) Department
The Nodal Officer, Finance (www.finance.kerala.gov.in)
The Finance (BW-J/ D.Wing/ SS/CSFC-A) Department
Stock File/Office Copy (E-1198325)

Forwarded/ By order

Section officer

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2019-20 - പ്രാദേശിക സർക്കാരുകൾ 2018-19 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിനുള്ള വിവിധ ഫണ്ടുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം. 8228/2019/ധന — തീയതി, തിരുവനന്തപുരം, 19/10/2019

---

പരാമർശം. (1) സ.ഉ.(അച്ചടി) നം.119/2015/ധന തീയതി 21/03/2015
(2) സർക്കുലർ നമ്പർ 27/2019/ധന തീയതി 23/03/2019
(3) ട്രഷറി ഡയറക്ടറുടെ 28/09/2019 ലെ TRY/12254/2019-E2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പ്രാദേശിക സർക്കാരുകൾ 2018-19 സാമ്പത്തിക വർഷം 23/03/2019 തീയതിയ്ക്ക് ശേഷം സമർപ്പിക്കുന്ന ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തുന്നതാണെന്ന് പരാമർശം (2) പ്രകാരം സർക്കാർ അറിയിച്ചിരുന്നു.

2. പ്രാദേശിക സർക്കാരുകൾ 2018-19 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ഇനിയും പണമാക്കി മാറ്റാതെ ട്രഷറി ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ സംബന്ധിച്ച് ട്രഷറി ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകൾ 2018-19 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ഇനിയും പണമാക്കി മാറ്റാതെ ട്രഷറി ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിനായി 19,93,56,110/- രൂപ (പത്തൊമ്പത് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി അമ്പത്താറായിരത്തി നൂറ്റിപ്പത്ത് രൂപ മാത്രം) ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളുടെ ഈ വർഷത്തെ വിഹിതത്തിൽ നിന്നും താഴെ വിശദീകരിച്ചിട്ടുള്ള പ്രകാരം വിവിധ ഇനങ്ങളിൽ അനുവദിച്ച് ഉത്തരവാകുന്നു:

## പൊതു ആവശ്യ ഫണ്ട്, സംരക്ഷണ ഫണ്ട്

(തുക രൂപയിൽ)

| പ്രാദേശിക സർക്കാരുകൾ | പൊതു ആവശ്യ ഫണ്ട് | | റോഡിതര സംരക്ഷണ ഫണ്ട് | | റോഡ് സംരക്ഷണ ഫണ്ട് | |
|---|---|---|---|---|---|---|
| | ശീർഷകം | തുക | ശീർഷകം | തുക | ശീർഷകം | തുക |
| മുനിസിപ്പൽ കോർപ്പറേഷൻ | 3604-00-200-88-(01) NP | 0 | 3604-00-200-87-(01) NP | 1915945 | 3054-80-191-38 NP | 20638338 |
| മുനിസിപ്പാലിറ്റി | 3604-00-200-88-(02) NP | 2723196 | 3604-00-200-87-(02) NP | 3287571 | 3054-80-192-38 NP | 0 |
| ജില്ലാ പഞ്ചായത്ത് | 3604-00-200-88-(03) NP | 2551833 | 3604-00-200-87-(03) NP | 0 | 3054-80-196-38 NP | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 3604-00-200-88-(04) NP | 0 | 3604-00-200-87-(04) NP | 2474914 | 3054-80-191-38 NP | 0 |
| ഗ്രാമ പഞ്ചായത്ത് | 3604-00-200-88-(05) NP | 10337928 | 3604-00-200-87-(05) NP | 5085380 | 3054-80-198-38 NP | 6129783 |
| ആകെ | | 15612957 | | 12763810 | | 26768121 |

## വികസന ഫണ്ട്

(തുക രൂപയിൽ)

| പ്രാദേശിക സർക്കാരുകൾ | പൊതു വിഭാഗം | | എസ്.സി.പി. | | ടി.എസ്.പി. | | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
|---|---|---|---|---|---|---|---|---|
| | ശീർഷകം | തുക | ശീർഷകം | തുക | ശീർഷകം | തുക | ശീർഷകം | തുക |
| മുനിസിപ്പൽ കോർപ്പറേഷൻ | 3604-00-200-86-(01)-35 NP | 0 | 3604-00-200-86-(06)-35 NP | 4530682 | 3604-00-200-86-(11)-35 NP | 0 | 3604-00-200-90-(01)-35 NP | 29240164 |
| മുനിസിപ്പാലിറ്റി | 3604-00-200-86-(02)-35 NP | 12631585 | 3604-00-200-86-(07)-35 NP | 1839500 | 3604-00-200-86-(12)-35 NP | 847005 | 3604-00-200-90-(02)-35 NP | 21836043 |
| ജില്ലാ പഞ്ചായത്ത് | 3604-00-200-86-(03)-35 NP | 839390 | 3604-00-200-86-(08)-35 NP | 0 | 3604-00-200-86-(13)-35 NP | 0 | - | - |
| ബ്ലോക്ക് പഞ്ചായത്ത് | 3604-00-200-86-(04)-35 NP | 1983328 | 3604-00-200-86-(09)-35 NP | 905530 | 3604-00-200-86-(14)-35 NP | 462000 | - | - |
| ഗ്രാമ പഞ്ചായത്ത് | 3604-00-200-86-(05)-35 NP | 45291592 | 3604-00-200-86-(10)-35 NP | 4522029 | 3604-00-200-86-(15)-35 NP | 2817430 | 3604-00-200-90-(05)-35 NP | 16464944 |
| ആകെ | | 60745895 | | 11797741 | | 4126435 | | 67541151 |

3. പ്രാദേശിക സർക്കാരുകൾ തിരിച്ചുള്ള വിശദാംശങ്ങൾ I മുതൽ V വരെയുള്ള അനുബന്ധത്തിൽ നൽകിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രദീപ് കുമാർ.ബി.**
**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾക്ക്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 1281772)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ